## GENERIC ELECTIVE COURSE II:
# സൈബർ സാഹിത്യം
(പഠനമണിക്കൂർ–36)

| SEMESTER | COURSE CODE | HOURS PER WEEK | CREDIT | EXAM HRS |
|---|---|---|---|---|
| V | 5 D 02 MAL | 2 | 2 | 2 |

*നവമാദ്ധ്യമങ്ങളുടെ പ്രചാരം മനുഷ്യന്റെ ജീവിതപരിസരങ്ങളെ ആകെ ബാധിക്കുന്നതരത്തിൽ ഇന്ന് മാറിയിരിക്കുന്നു. നിത്യജീവിതത്തിന്റെ ഭാഗമായി സാങ്കേതികോപകരണങ്ങളും മാറിയിരിക്കുകയാൽ യഥാർത്ഥലോകമെന്നും വെർച്വൽ ലോകമെന്നും പണ്ടുണ്ടായിരുന്ന വേർതിരിവ് ഇന്ന് സാദ്ധ്യമല്ലാതായിരിക്കുന്നു. അവ രണ്ടും ഇഴചേർന്ന ഒരു ജീവിതമാണ് ഇന്നു മനുഷ്യൻ ജീവിക്കുന്നത്. എഴുത്തിടമെന്ന രീതിയിലും കൂടെ നവസാമൂഹ്യ മാദ്ധ്യമങ്ങളെ ഉപയോഗപ്പെടുത്താൻ തുടങ്ങിയതോടെ അവ നമ്മുടെ സമകാല സാഹിത്യരംഗത്തുണ്ടാക്കിയ ചലനങ്ങൾ പരിചയപ്പെടുന്നു.*

## COURSE OUTCOME

CO1. മാറുന്ന സാങ്കേതികസംസ്കാരത്തെയും അവ സാഹിത്യത്തിലും സംസ്കാരത്തിലുമുണ്ടാക്കിയ മാറ്റങ്ങളെയും പരിചയപ്പെടുക

CO2. നവസാമൂഹിക മാധ്യമങ്ങളെ ജീവിതത്തിൽ ഗുണപരമായി പ്രയോജനപ്പെടുത്താൻ പ്രേരണ നൽകുക.

CO3. സാങ്കേതികവികാസം സാഹിത്യ– സംസ്കാര പഠനരംഗത്തെ മികവു വർദ്ധിപ്പിക്കാനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ശീലിപ്പിക്കുക.

CO4. സർഗാത്മകതയിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ശീലിപ്പിക്കുക.

CO5. ഓൺലൈൻകാല സാഹിത്യമാതൃകകൾ പരിചയപ്പെടുകയും പഠനവിധേയമാക്കുകയും ചെയ്യുക.

**യൂണിറ്റ് ഒന്ന്** (പഠനമണിക്കൂർ –12)

നവസാമൂഹ്യമാദ്ധ്യമങ്ങൾ– സാമാന്യപരിചയം– നിർവചനം– എഴുത്തിന്റെ ഇന്റർനെറ്റ് വിനിമയങ്ങൾ– ആവിഷ്കരണസാദ്ധ്യതകൾ– സ്വയംപ്രസാധനം– ഹൈപ്പർലിങ്ക്– പ്രധാന സാമൂഹ്യശൃംഖലകൾ, സൈബർ സംസ്കാരം– വെർച്വൽ റിയാലിറ്റി സൈബർ നെറ്റിക്സ്– സൈബോർഗ്.

**യൂണിറ്റ് രണ്ട്** (പഠനമണിക്കൂർ –12)

സൈബർ ഇടം– കൂട്ടായ്മകൾ– പുതുസമൂഹനിർമ്മിതികൾ– എഴുത്തിടങ്ങൾ– ഓൺലൈൻ പത്രങ്ങൾ, ആനുകാലികങ്ങൾ.
വെബ്മാഗസിനുകൾ–മലയാളത്തിലെ വെബ് അധിഷ്ഠിത പ്രസിദ്ധീകരണങ്ങൾ.
ഇ–മലയാളം– ഠവശലേ ര്യീ.
ഹരിതകം– തിരക്കവിത– മറുനാടൻ മലയാളി– നവമലയാളി– ആഴ്ചപ്പതിപ്പ്–
ഓൺലൈൻ മാഗസിനുകളുടെ വളർച്ച.
ഇ–ബുക്ക്– ഗ്രന്ഥശാലകൾ– വിക്കിപീഡിയ – മലയാളംവിക്കിയുടെ വളർച്ചയും വികാസവും.

**യൂണിറ്റ് മൂന്ന്** (പഠനമണിക്കൂർ –12)

സൈബർ സാഹിത്യം– ആദ്യകാലബ്ലോഗുകൾ– അഗ്രിഗേറ്ററുകൾ– ബൂലോകകവിത സാങ്കേതികവിദ്യയും സാഹിത്യവും– സാധ്യതകൾ– ഉപയോഗം– കവിതയിലെ പുതുവഴികൾ – കഥയിലെ പുതുവഴികൾ– ഭാഷ– ആഖ്യാനം– പ്രമേയം എന്നിവ പരിചയപ്പെടുക.

**Marks including choice:**

| Unit | Marks |
|---|---|
| I | 12 |
| II | 9 |
| III | 9 |

**ചോദ്യമാതൃക**

**പാർട് എ –** കുറിപ്പ് തയ്യാറാക്കുക 6 ചോദ്യത്തിന് 1 മാർക്ക് വീതം. (6×1=6)

**പാർട് ബി –**ആറെണ്ണത്തിൽ നിന്ന് ഏതെങ്കിലും നാലെണ്ണത്തിന് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക– ഓരോന്നിനും രണ്ട് മാർക്ക് വീതം (4×2=8)

**പാർട് സി–** രണ്ടെണ്ണത്തിൽ നിന്ന് ഏതെങ്കിലും ഒന്നിന് മൂന്നു പേജിൽ കവിയാതെ ഉത്തരമെഴുതുക– ആറ് മാർക്ക് (1×6=6)

- **Total marks including choice -30**
- ***Maximum marks of the course-20***

## GENERIC ELECTIVE COURSE III
## നോവൽ വായന
(പഠനമണിക്കൂർ 36)

| SEMESTER | COURSE CODE | HOURS PER WEEK | CREDIT | EXAM HRS |
|---|---|---|---|---|
| V | 5 D 03MAL | 2 | 2 | 2 |

## COURSE OUTCOME

CO1. ഒരു സാഹിത്യഗണമെന്ന നിലയിലും ആഖ്യാനരൂപമെന്ന നിലയിലും നോവൽ എന്ന സാഹിത്യവിഭാഗത്തെ സമഗ്രമായി ഉൾക്കൊള്ളാനും വിശകലനം ചെയ്യാനുമുള്ള ശേഷി വികസിപ്പിക്കുക.

CO2. നോവൽ എന്ന ജനുസ്സ് രൂപം കൊടുത്ത പുസ്തക സംസ്കാരത്തിന്റെ/വായനാ സംസ്കാരത്തിന്റെ, വായനാ സമൂഹത്തിന്റെ സ്വഭാവം പരിശോധിച്ചറിയുക.

CO3. സമൂഹത്തിന്റെയും ഭാഷയുടെയും ആധുനികീകരണയുക്തികളെ നോവലുകൾ സ്വാംശീകരിച്ചതെങ്ങനെയെന്നു വിശകലനം ചെയ്യുക.

CO4. നോവൽ വായനകളുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളെയും സമീപനങ്ങളെയും പറ്റി അവബോധമുണ്ടാക്കുക.

CO5. നോവൽ ഉൾപ്പെടെയുള്ള സാഹിത്യകൃതികളുടെ ആസ്വാദനത്തിനും വിമർശനാത്മകമായ വിശകലനങ്ങൾക്കും പര്യാപ്തമായ സിദ്ധാന്തങ്ങളും സമീപനരീതികളും വികസിപ്പിക്കുക .

**യൂണിറ്റ് 1** (പഠനമണിക്കൂർ –12)

നോവൽ ഒരു ആഖ്യാനരൂപം– വായന എന്ന രാഷ്ട്രീയം. നോവൽ എന്ന ജനുസ്സ് രൂപം കൊടുത്ത പുസ്തകസംസ്കാരം– വായനാസമൂഹത്തിന്റെ സ്വഭാവം– കേരളീയ ആധുനികതയുടെ സ്വാംശീകരണം നോവൽ സാധ്യമാക്കിയതെങ്ങനെയെന്ന വിശകലനം എന്നിവ ആമുഖ ചർച്ചയിൽ ഉൾപ്പെടുത്തണം.

പരമ്പരാഗതവും ആധുനികവുമായ നോവൽ വായനകളുടെ സാമാന്യസ്വഭാവം ചർച്ച ചെയ്യ ണം.കഥ,
ഇതിവൃത്തം– കഥാപാത്രങ്ങൾ– സംഭാഷണം– വർണ്ണന, ഭാഷാശൈലി– ആഖ്യാനകല– വീക്ഷണസ്ഥാനം –സാഹിതീയത തുടങ്ങിയവ മുൻനിർത്തിയുള്ളവായനകൾ– സൗന്ദര്യാത്മകവും ആസ്വാദനപരവുമായ വായനകൾ– സൈദ്ധാന്തികവായനകൾ–ദേശസ്വത്വത്തിന്റെ ആവിഷ്കാരമെന്ന നിലയിലുള്ള സമീപനങ്ങൾ– ചരിത്രത്തിന്റെ ഭാവനാരൂപങ്ങളെന്ന നിലയിൽ. നാടോടിവിജ്ഞാനപരമായ വായനകൾ– സാമൂഹികത, പ്രദേശികത, സംസ്കാരികാംശങ്ങൾ തുടങ്ങിയവയിലൂന്നിയ വായനകൾ– പ്രത്യയശാസ്ത്ര വായനകൾ– രാഷ്ട്രീയവായനകൾ–അധികാരവായനകൾ–മനോവിജ്ഞാനീയ വായനകൾ– മതാത്മക വായനകൾ– സ്വത്വവായനകൾ– ദലിത്– സ്ത്രീ– പരിസ്ഥിതിവായനകൾ–രൂപപരവും മാധ്യമപരവുമായ പരീക്ഷണങ്ങളെ മുൻനിർത്തിയുള്ള വായനകൾ– ജനകീയ ചരിത്രമാവിഷ്കരിക്കുന്ന ആഖ്യാനമെന്ന നിലയിലുള്ള വായനകൾ– പാഠാന്തര വായനകൾ– അന്തർവൈജ്ഞാനിക വായനകൾ ഇത്തരത്തിലുള്ള വായനാ സാധ്യതകളെ സാമാന്യമായി മനസ്സിലാക്കിയാൽ മാത്രം മതി.

**വിശദപഠനം**

ജനപ്രിയസാഹിത്യവും മലയാളനോവൽ ഭാവനയുടെ ജന)ധിപത്യവൽക്കരണവും– ഷാജി ജേക്കബ്. (നോവലിലെ ചരിത്രഭൂപടങ്ങൾ)

**യൂണിറ്റ് 2**

1. ഖസാക്കിന്റെ ഇതിഹാസം–ഒ.വി.വിജയൻ
2. ആടുജീവിതം –ബെന്യാമിൻ

**അധിക വായനയ്ക്ക്**

1. ഖസാക്ക് പഠനങ്ങൾ– കെ.ജി കാർത്തികേയൻ, എം. കൃഷ്ണൻനമ്പൂതിരി.
2. ആടുജീവിതപഠനങ്ങൾ – അജേഷ് കടന്നപ്പള്ളി

**സഹായകഗ്രന്ഥങ്ങൾ**

1. മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം– ഷാജി ജേക്കബ്
2. പൊതുമണ്ഡലവും മലയാളഭാവനയും – ഷാജി ജേക്കബ്
3. മലയാളനോവൽ : ദേശഭാവനയും രാഷ്ട്രീയഭൂപടങ്ങളും– ഷാജി ജേക്കബ്
4. ആധുനികാനന്തര മലയാളനോവൽ – ഷാജി ജേക്കബ്
5. മലയാളനോവലിന്റെ ദേശകാലങ്ങൾ– ഇ.വി.രാമകൃഷ്ണൻ
6. മലയാളനോവലും ദേശീയതയും – എം. ആർ. മഹേഷ്
7. അന്ധനായ ദൈവം– പി.കെ.രാജശേഖരൻ
8. ഏകാന്തനഗരങ്ങൾ– പി.കെ.രാജശേഖരൻ
9. ഇന്ദുലേഖ :വായനയുടെ ദിശകൾ– എഡി.ഇ.പി.രാജഗോപാലൻ
10. നോവൽ പ്രശ്നങ്ങളും പഠനങ്ങളും – എം. അച്യുതൻ
11. മാറുന്ന മലയാളനോവൽ –കെ.പി.അപ്പൻ
12. നോവൽവായനകൾ– വി.സി.ശ്രീജൻ
13. ദേശീയതകളും സാഹിത്യവും – ഇ.വി.രാമകൃഷ്ണൻ
14. പത്തൊൻപതാം നൂറ്റാണ്ടിലെ മലയാളനോവൽ – ജോർജ്ജ് ഇരുമ്പയം
15. അജ്ഞാതദേശങ്ങളുടെ ആഖ്യാനങ്ങൾ– എൻ. സന്തോഷ്കുമാർ
16. മലയാള നോവൽ സാഹിത്യചരിത്രം – കെ.പി.തരകൻ
17. നോവൽ സാഹിത്യം – എം.പി.പോൾ

**Marks including choice:**

| Unit | Marks |
|---|---|
| I | 12 |
| II | 18 |

**ചോദ്യമാതൃക**

**പാർട് എ –** കുറിപ്പ് തയ്യാറാക്കുക 6 ചോദ്യത്തിന് 1 മാർക്ക് വീതം. (6×1=6)

**പാർട് ബി –**ആറെണ്ണത്തിൽ നിന്ന് ഏതെങ്കിലും നാലെണ്ണത്തിന് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക– ഓരോന്നിനും രണ്ട് മാർക്ക് വീതം (4×2=8)

**പാർട് സി–** രണ്ടെണ്ണത്തിൽ നിന്ന് ഏതെങ്കിലും ഒന്നിന് മൂന്നു പേജിൽ കവി യാതെ ഉത്തരമെഴുതുക– ആറ് മാർക്ക് (1×6=6)

- **Total marks including choice -30**
- ***Maximum marks of the course-20***